**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** **06-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ള റൈസ് പാർക്കിന്റെ ഇതുവരെയുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. പദ്ധതിയുടെ നോഡൽ ഏജൻസിയായി കിൻഫ്രയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. റൈസ് ടെക്നോളജി പാർക്കുകൾ നടത്തുന്നതിനായി കേരള റൈസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. പാലക്കാട്-കിൻഫ്ര മെഗാഫുഡ് പാർക്കിലെ 5 ഏക്കർ ഭൂമിയിൽ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മില്ലിന്റെ ഉപകരണങ്ങൾക്കും സൈലോകൾക്കുമുള്ള ടെണ്ടർ നടപടികൾ തുടരുകയാണ്. രണ്ടു തവണ ഈ-ടെണ്ടർ വിളിച്ചിട്ടും ആവശ്യത്തിന് കരാറുകാരെ ലഭ്യമായില്ല. ആയതിനാൽ ഇപ്പോൾ മൂന്നാമത് തവണ ഗ്ലോബൽ ടെണ്ടർ വിളിച്ചിരിക്കുകയാണ്. |
| (ബി) | റൈസ് പാർക്ക് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. പദ്ധതിയുടെ നോഡൽ ഏജൻസിയായി കിൻഫ്രയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. റൈസ് ടെക്നോളജി പാർക്കുകൾ നടത്തുന്നതിനായി കേരള റൈസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. പാലക്കാട്-കിൻഫ്ര മെഗാഫുഡ് പാർക്കിലെ 5 ഏക്കർ ഭൂമിയിൽ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മില്ലിന്റെ ഉപകരണങ്ങൾക്കും സൈലോകൾക്കുമുള്ള ടെണ്ടർ നടപടികൾ തുടരുകയാണ്. രണ്ടു തവണ ഈ-ടെണ്ടർ വിളിച്ചിട്ടും ആവശ്യത്തിന് കരാറുകാരെ ലഭ്യമായില്ല. ആയതിനാൽ ഇപ്പോൾ മൂന്നാമത് തവണ ഗ്ലോബൽ ടെണ്ടർ വിളിച്ചിരിക്കുകയാണ്. |
| (സി) | റൈസ് പാർക്കിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ഉപകരണങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായാൽ പാലക്കാട് റൈസ് പാർക്കിന്റെ പ്രവർത്തനം 2023 സെപ്റ്റംബർ മാസത്തിൽ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ